**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 925** 05.03.2018- ൽ മറുപടിക്ക്

**നാഷണൽ ഹൈവേയുടെ പ്രാവച്ചമ്പലം-ബാലരാമപുരം ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ.മുരളീധരൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കരമന - കളിയിക്കാവിള നാഷണൽ ഹൈവേയുടെ രണ്ടാം റീച്ചായ പ്രാവച്ചമ്പലം-ബാലരാമപുരം ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) കരമന - കളിയിക്കാവിള റോഡ് നാലുവരിപ്പാതയാക്കുന്ന ഒന്നാംഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മി ആണ്. ഈ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിലുൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നമ്പർ 31/കിഫ്ബി/2016 തിയതി 18.11.2016 അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ദേശീയപാതയുടെ ഇടതുവശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ കൊടിനട വരെയും (4.8 കി.മി) വലതുവശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ ബാലരാമപുരം വരെയുള്ള ഭാഗത്തെ (5കി.മി) ഭൂമിയുടേയും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മി ദൂരം 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തേണ്ടത്. ആയതിനാൽ ഈ ഭാഗത്തെ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാൻ തടസ്സങ്ങൾ ഉണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനുള്ള കാലതാമസം ഒഴിവാക്കാൻ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5കി.മി ഭാഗം ആദ്യഘട്ടമായി |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ തീരുമാനമുണ്ടായി.<br><br>നിലവിലെ ട്രാഫിക് സെൻസസ് അനുസരിച്ച് ഡി.പി.ആർ റിവൈസ് ചെയ്ത് സാങ്കേതികാനുമതിക്കായി കെ.ആർ.എഫ്.ബി-യിൽ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത ഭാഗത്ത് എത്ര കിലോമീറ്റർ റോഡാണ് വീതി കൂട്ടുന്നത്; ഇതിനായുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; | (ബി) | കരമന - കളിയിക്കാവിള ദേശീയപാതയുടെ രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്ത് കോടതിവ്യവഹാരം നിലനിൽക്കുന്ന എൽ.എസി നം. 639/2015 ഒഴികെ ദേശീയപാതയുടെ ഇടതുവശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ കൊടിനട വരെയും (4.8 കി.മി) വലതുവശത്ത് പ്രാവച്ചമ്പലം മുതൽ പള്ളിച്ചൽ വില്ലേജിന്റെ അതിർത്തിയായ ബാലരാമപുരം വരെയുള്ള ഭാഗത്തെ (5കി.മി) ഭൂമിയുടേയും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ ഭാഗത്തെ റോഡാണ് ആദ്യഭാഗമായി വീതി കൂട്ടുന്നത്. |
| (സി) | റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; | (സി) | പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഡി.പി.ആർ റിവൈസ് ചെയ്ത് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | കിഫ്ബിയിൽ നിന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; | (ഡി) | കരമന-കളിയിക്കാവിള ഒന്നാംഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മി ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിലുൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നമ്പർ 31/കിഫ്ബി/2016 തിയതി 18.11.2016 അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഇ) | പ്രാവച്ചമ്പലം ഭാഗത്ത് നിന്നും റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കേണ്ടി വന്ന കുടുംബങ്ങളെ | (ഇ) | പ്രാവച്ചമ്പലം - ബാലരാമപുരം സ്ഥലം ഏറ്റെടുക്കൽ നടപടിയിൽ കുടിയൊഴിപ്പിക്കപ്പെടുന്ന പഴയ രാജപാതാ നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് |

| | |
|---|---|
| പുനരധിവസിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നം. 4-ൽ റീസർവ്വെ 58.1-ൽ ഉൾപ്പെട്ട ഭൂമിയിൽ നിന്നും 3 സെന്റ് വീതം മുക്കുന്നിമല സർക്കാർ എയ്ഡഡ് റബ്ബർ പ്ലാന്റേഷൻ സൊസൈറ്റി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള WP(C) 13074/15 നം. റിട്ട് ഹർജിയുടെ തീർപ്പിന് വിധേയമായി അനുവദിച്ചു നൽകുന്നതിനും പ്രസ്തുത സ്ഥലത്ത് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി അവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനും 13.11.2017-ലെ സ.ഉ (കൈ) നം.378/17/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ